**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2802** **24-02-2026 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള അനുമതി സ്വയംരക്ഷയ്ക്കോ വിളസംരക്ഷണത്തിനോ ആയുധ ലൈസൻസ് ഉള്ള വ്യക്തികൾക്ക് മാത്രമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; | (എ) | കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ നിയന്ത്രിതമായി വെടി വച്ച് നശിപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശവുമായി സർക്കാർ സ.ഉ (കൈ)29/2022 തീയതി 28.05.2022, സ.ഉ(സാധാ).239/2022 തീയതി 31.0 5.2022 എന്നീ ഉത്തരവ് പുറപ്പെടുവി ച്ചിട്ടുള്ളതാണെന്നിരിക്കേ ടി ഉത്തരവുകളുടെ പശ്ചാത്തലത്തിൽ ടി ലൈസൻസിന്റെ ആവശ്യകത എന്തെന്ന് പരിശോധിക്കാതെ, അനിയന്ത്രിതമായി അവ ഉപയോഗിക്കുന്നു വെന്നും, ആയത് നിയന്ത്രിക്കേണ്ടതാണെന്നും ഇടുക്കി ജില്ലാകളക്ടർ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഇതൊരു ഉത്തരവായി പുറപ്പെടുവിക്കേണ്ടതാണെന്ന ആഭ്യന്ത വകുപ്പിന്റെ അഭിപ്രായം പരിഗണിച്ചാണ് സർക്കാർ സ്പോർട്സ് വിഭാഗത്തിലുള്ള ആയുധ ലൈസെൻസ് അനുവദിച്ചിട്ടുള്ളവരെ കാട്ടുപന്നികളെ വെടി വയ്ക്കുന്നതിൽ നിന്നും വിലക്കി 05-02-2026 ൽ സ.ഉ(സാധാ) 51/2026 /വനം നമ്പർ ഉത്തരവ് പുറപ്പെടുവി ച്ചത്. അതേ സമയം ടി ഉത്തരവിന്റ നിയമ വശവും പ്രായോഗികതയും പരിശോധിക്കേണ്ടതാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് താൽക്കാലികമായി മരവിപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വിവിധ വിഭാഗങ്ങളിലുള്ള ആയുധ ലൈസൻസികൾ വെടിവച്ച് കൊന്ന കാട്ടുപന്നികളുടെ എണ്ണം പട്ടിക തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ജനവാസമേഖലയിൽ മനുഷ്യരുടെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിന് ഉത്തരവ് നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും അധികാരം നൽകിയ 28/05/2022 തീയതി മുതൽ 15/12/2025 വരെ 5351 കാട്ടുപന്നികളെ അംഗീകത ഷൂട്ടർമാർ വെടിവെച്ച് കൊന്ന് ഇല്ലായ്മ ചെയ്തിട്ടുള്ളതാണ്. ആയതിൻ്റെ എണ്ണം പട്ടിക തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | സ്പോർട്സ് വിഭാഗത്തിലുള്ള ആയുധ ലൈസൻസികൾക്കും കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | സർക്കാർ, വിള സംരക്ഷണം അല്ലെങ്കിൽ സ്വയംരക്ഷ എന്നിവയൊഴികെയുള്ള (സ്പോർട്സ് വിഭാഗത്തിലുള്ള ) ആവശ്യങ്ങൾക്കായി ആയുധ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളവരെ കാട്ടുപന്നികളെ വെടിവയ്ക്കുന്നതിൽ നിന്നും വിലക്കി കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് തല്ക്കാലം മരവിപ്പിക്കുകയും, വിഷയത്തിന്റെ പ്രായോഗികതയും നിയമ വശവും പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കൊന്ന് ഇല്ലായ്മ ചെയ്തിട്ടുള്ള കാട്ടുപന്നികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 967 |
| 2 | കൊല്ലം | 137 |
| 3 | പത്തനംതിട്ട | 163 |
| 4 | ആലപ്പുഴ | 85 |
| 5 | കോട്ടയം | 6 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 9 |
| 8 | തൃശ്ശൂർ | 130 |
| 9 | പാലക്കാട് | 1512 |
| 10 | മലപ്പുറം | 1067 |
| 11 | കോഴിക്കോട് | 484 |
| 12 | വയനാട് | 24 |
| 13 | കണ്ണൂർ | 740 |
| 14 | കാസർഗോഡ് | 25 |
| | **ആകെ** | **5351** |